## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 109 30.11.2015-ന് മറുപടി നൽകേണ്ടത്

## സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും എണ്ണം

**ചോദ്യം** | **ഉത്തരം**

ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖജനാവിൽ നിന്നും ശമ്പളം പറ്റുന്ന സർക്കാർ ജീവനക്കാർ എത്രയായിരുന്നു; ഇപ്പോൾ എത്ര പേരുണ്ട്; ഇതിനിടയിൽ റിട്ടയർമെന്റ്/ മരണം തുടങ്ങിയവ വഴി സർവ്വീസിൽ നിന്നും ഒഴിവാക്കപ്പെട്ടവർ എത്ര; സർക്കാർ നിറുത്തൽ ചെയ്ത തസ്തികകൾ എത്ര; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ എത്ര; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ എയഡഡ് മേഖലയിൽ എത്രയായിരുന്നു; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സെക്രട്ടറിയേറ്റിലെ അണ്ടർ സെക്രട്ടറിതലം മുതൽ സ്പെഷ്യൽ സെക്രട്ടറിതലം വരെ 263 ജീവനക്കാരുണ്ടായിരുന്നു. ഇപ്പോൾ 269 ജീവനക്കാരുണ്ട്. റിട്ടയർമെന്റ്/ മരണം തുടങ്ങിയവ വഴി 233 പേർ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. തസ്തികകളൊന്നും നിർത്തലാക്കിയിട്ടില്ല. പുതുതായി 10 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br>ട്രഷറി വകുപ്പിൽ നിന്നും ശമ്പളം പറ്റുന്ന 3534 ജീവനക്കാരുണ്ടായിരുന്നു. ഇപ്പോൾ 3,606 ജീവനക്കാരുണ്ട്. ഇതിനിടയിൽ റിട്ടയർമെന്റ്/മരണം തുടങ്ങിയവ വഴി സർവ്വീസിൽ നിന്നും 389 പേർ ഒഴിവായിട്ടുണ്ട്. തസ്തികകളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ 79 പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br>മറ്റു പദവികളിലും വകുപ്പുകളിലുമുള്ള ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് സർവ്വീസിൽ നിന്നും പെൻഷൻ പറ്റി ഇപ്പോഴും പെൻഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർ എത്ര? | (ബി) | 26-11-2015 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് സർവ്വീസിൽ നിന്നും പെൻഷൻ പറ്റി ഇപ്പോഴും പെൻഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർ 4,43,924 പേരാണ്. |

സെക്ഷൻ ഓഫീസർ